**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **26-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ; | (എ) | അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. (വിശദമായ പദ്ധതിരേഖ) തയ്യാറാക്കൽ പുരോഗമിക്കുന്നു. ഡി.പി.ആർ ന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിവിലയുടെ 25% സംസ്ഥാനം വഹിക്കണമെന്ന നിബന്ധന കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25% സംസ്ഥാനം വഹിക്കണമെന്ന നിബന്ധന കേന്ദ്രം ഒഴിവാക്കിയിട്ടുണ്ട്. പകരം കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), എറണാകുളം ബൈപ്പാസ് (ദേശീയപാത 544) എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ സംസ്ഥാന ചരക്ക് സേവന നികുതി ഒഴിവാക്കലും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഒഴിവാക്കലും സംസ്ഥാനം പരിഗണിക്കണം എന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ നിർമ്മാണ സാമഗ്രികളുടേയും മണ്ണിന്റെയും ജി.എസ്.റ്റി. വിഹിതവും റോയൽറ്റിയും കേന്ദ്ര സർക്കാർ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ